

ആധുനികയുഗത്തിൽ ഇസ്‌ലാമിന്റെ പദാവലികളിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട പദമായിരിക്കുന്നു ജിഹാദ്. അത് യുദ്ധത്തിന്റെ പര്യായമായും, ജിഹാദിനുള്ള ഖുർആന്റെ കൽപനകളെല്ലാം യുദ്ധം ചെയ്യാനുള്ള കൽപനകളായും ചിലർ ധരിച്ചുവശായിരിക്കുന്നു. മുസ്‌ലിം ഏത് സാഹചര്യത്തിലും അനിസ്‌ലാമിക ശക്തികളെ സായുധമായി നേരിട്ടുകൊണ്ടിരിക്കാൻ ബാധ്യസ്ഥരാണെന്ന് അവർ കരുതുന്നു. അത്തരക്കാർ വ്യവസ്ഥാപിത നേതൃത്വമില്ലാതെ രഹസ്യമായി സംഘടിച്ച് ഭീകര വിധ്വംസക പ്രവർത്തനങ്ങളിലേർപ്പെടുകയും അത് 'മഹത്തായ ജിഹാദ്' ആണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.

# ഖുർആൻ ബോധനം

▸ എ.വൈ.ആർ

### സൂറ-22

# അൽഹജ്ജ്

وَجَـٰهِدُوا۟ فِى ٱللَّهِ حَقَّ جِهَادِهِۦ ۚ هُوَ ٱجْتَبَىٰكُمْ وَمَا جَعَلَ عَلَيْكُمْ فِى ٱلدِّينِ
مِنْ حَرَجٍ ۚ مِّلَّةَ أَبِيكُمْ إِبْرَٰهِيمَ ۚ هُوَ سَمَّىٰكُمُ ٱلْمُسْلِمِينَ مِن قَبْلُ وَفِى هَـٰذَا
لِيَكُونَ ٱلرَّسُولُ شَهِيدًا عَلَيْكُمْ وَتَكُونُوا۟ شُهَدَآءَ عَلَى ٱلنَّاسِ ۚ فَأَقِيمُوا۟
ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱعْتَصِمُوا۟ بِٱللَّهِ هُوَ مَوْلَىٰكُمْ ۖ فَنِعْمَ ٱلْمَوْلَىٰ وَنِعْمَ
ٱلنَّصِيرُ ﴿٧٨﴾

**78.** അല്ലാഹുവിനു വേണ്ടി ജിഹാദ് ചെയ്യേണ്ട വണ്ണം ജിഹാദ് ചെയ്യുവിൻ. അവൻ തന്റെ ദൗത്യത്തിനു വേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുകയാകുന്നു. ദീനിൽ നിങ്ങൾക്ക് ഒരു ക്ലിഷ്ഠതയും അവൻ ഉണ്ടാക്കി വെച്ചിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്‌റാഹീമിന്റെ ധർമം പിന്തുടരുവിൻ. മുമ്പേ തന്നെ നിങ്ങൾക്ക് അവൻ മുസ്‌ലിംകൾ എന്നു നാമകരണം ചെയ്തിരിക്കുന്നു. ഈ ഖുർആനിലും അതുതന്നെയാണ് നിങ്ങളുടെ നാമം. ദൈവദൂതൻ നിങ്ങൾക്ക് സത്യസാക്ഷിയാകാനും നിങ്ങൾ ഇതര ജനങ്ങൾക്കൊക്കെയും സത്യസാക്ഷികളാകാനും. ആകയാൽ നമസ്കാരം മുറ പ്രകാരം നിലനിർത്തുവിൻ. സകാത്ത് കൊടുക്കുവിൻ. അല്ലാഹുവിനെ മുറുകെ പിടിക്കുവിൻ. അവൻ മാത്രമാകുന്നു നിങ്ങൾക്ക് രക്ഷകൻ. എത്ര ശ്രേഷ്ഠനായ രക്ഷകൻ! എത്ര ശ്രേഷ്ഠനായ സഹായകൻ!

**78**

وَجَـٰهِدُوا۟ فِى ٱللَّهِ = അല്ലാഹുവിന് (വേണ്ടി) ജിഹാദ് ചെയ്യുവിൻ, സമരം ചെയ്യുവിൻ, അധ്വാന പരിശ്രമങ്ങളിലേർപ്പെടുവിൻ

حَقَّ جِهَادِهِۦ = അവന് വേണ്ടിയുള്ള യഥാർഥ ജിഹാദ് (ജിഹാദ് ചെയ്യേണ്ട വണ്ണം)   هُوَ = അവൻ

ٱجْتَبَىٰكُمْ = (അവന്റെ ദൗത്യത്തിനു വേണ്ടി) നിങ്ങളെ തെരഞ്ഞെടുത്തിരിക്കുകയാകുന്നു

وَمَا جَعَلَ عَلَيْكُمْ = അവൻ നിങ്ങൾക്ക് ഉണ്ടാക്കി വെച്ചിട്ടില്ല   فِى ٱلدِّينِ = ദീനിൽ (ധർമാനുഷ്ഠാനത്തിൽ)

مِنْ حَرَجٍ = ഒരു ക്ലിഷ്ടതയും   مِّلَّةَ أَبِيكُمْ إِبْرَٰهِيمَ = നിങ്ങളുടെ പിതാവായ ഇബ്‌റാഹീമിന്റെ ധർമം പിന്തുടരുവിൻ

هُوَ سَمَّىٰكُمُ = അവൻ നിങ്ങൾക്ക് നാമകരണം ചെയ്തിരിക്കുന്നു

ٱلْمُسْلِمِينَ = മുസ്‌ലിംകൾ (അല്ലാഹുവിന് സമർപ്പിതരായവർ) എന്ന്   مِن قَبْلُ = മുമ്പേ തന്നെ

وَفِى هَـٰذَا = ഇതിലും( ഈ ഖുർആനിലും അതുതന്നെയാണ് നിങ്ങളുടെ നാമം)

# ഖുർആൻ ബോധനം

لِيَكُونَ ٱلرَّسُولُ = ദൈവദൂതൻ ആയിരിക്കുവാൻ شَهِيدًا عَلَيْكُمْ = നിങ്ങൾക്ക്(സത്യ)സാക്ഷി

وَتَكُونُوا۟ شُهَدَآءَ = നിങ്ങൾ(സത്യ)സാക്ഷികൾ ആയിരിക്കാനും عَلَى ٱلنَّاسِ = (ഇതര) ജനത്തിന് (ഒക്കെയും)

فَأَقِيمُوا۟ ٱلصَّلَوٰةَ = ആകയാൽ നിങ്ങൾ നമസ്കാരം മുറ പ്രകാരം നിലനിർത്തുവിൻ

وَءَاتُوا۟ ٱلزَّكَوٰةَ = സകാത്ത് നൽകുകയും ചെയ്യുവിൻ وَٱعْتَصِمُوا۟ = നിങ്ങൾ മുറുകെ പിടിക്കുവിൻ

بِٱللَّهِ = അല്ലാഹുവി(ന്റെ പാശത്തി)നെ هُوَ = അവൻ (മാത്രം)ആകുന്നു مَوْلَىٰكُمْ = നിങ്ങളുടെ രക്ഷകൻ

فَنِعْمَ ٱلْمَوْلَىٰ = എത്ര ശ്രേഷ്ഠനായ രക്ഷകൻ وَنِعْمَ ٱلنَّصِيرُ = എത്ര ശ്രേഷ്ഠനായ സഹായകൻ

**ജി**ഹാദിൽ നിന്നുള്ള ശാസന ക്രിയാ രൂപമാണ് جاهدوا . ക്ലിഷ്ടമായ പ്രയത്നവും അധ്വാന പരിശ്രമങ്ങളും جهد ആണ്. അത് جهاد ആകുമ്പോൾ പ്രതിബന്ധങ്ങളും പ്രതിലോമ ശക്തികളും തരണം ചെയ്യാനുള്ള കഠിന യത്നം അഥവാ സമരം എന്നാകുന്നു അർഥം. സമരം പ്രകോപനങ്ങളോടും പ്രലോഭനങ്ങളോടുമാകാം. സ്വന്തം ദൗർബല്യങ്ങളോടും ആസക്തികളോടുമാകാം. ശരീരം കൊണ്ടാകാം, സമ്പത്തുകൊണ്ടാകാം, മനസ്സു കൊണ്ടാകാം. സ്വന്തം ദുർവിചാരങ്ങളോടും ദുർവികാരങ്ങളോടുമുള്ള ജിഹാദിനെ നബി(സ) ഒരിക്കൽ *ജിഹാദുൽ അക്ബർ*- മഹാ ജിഹാദ്- എന്ന് വിശേഷിപ്പിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഒരു യുദ്ധത്തിൽ നിന്ന് തിരിച്ചുവരികയായിരുന്ന ശിഷ്യന്മാരോട് നബി(സ) പറഞ്ഞു: "നമ്മൾ ചെറിയ ജിഹാദിൽ നിന്ന് വലിയ ജിഹാദിലേക്ക് മടങ്ങിയിരിക്കുകയാണ്." എന്താണ് ആ വലിയ ജിഹാദ് എന്ന് ആരാഞ്ഞപ്പോൾ നബി വ്യക്തമാക്കി: "ദൈവദാസൻ സ്വന്തം ആസക്തികൾക്കെതിരെ നടത്തുന്ന കഠിന യത്നം (മുജാഹദത്ത്) ആണത്." ആത്മശുദ്ധീകരണാർഥം അനുഷ്ഠിക്കുന്ന സാധനകളെയും പരിശീലനങ്ങളെയും പൊതുവിൽ مجاهدة എന്നു പറയുന്നു.

സായുധമായ ആക്രമണം നടത്തുന്ന ശത്രുക്കൾക്കെതിരെ നടത്തേണ്ട ജിഹാദ് സായുധ ജിഹാദ്-യുദ്ധം തന്നെയാണ്. യുദ്ധ പശ്ചാത്തലങ്ങളിൽ അവതരിപ്പിച്ച ചില സൂക്തങ്ങളിൽ യുദ്ധം എന്ന അർഥത്തിൽ തന്നെ ജിഹാദ് ഉപയോഗിച്ചിരിക്കുന്നു. എന്നാൽ അത് സാന്ദർഭികമായ അർഥമാണ്, മൗലികമായ അർഥമല്ല. പൗരാണിക അറബികൾ യുദ്ധത്തെ ജിഹാദ് എന്ന് പറയാറുണ്ടായിരുന്നില്ല. വിശുദ്ധ ഖുർആൻ യുദ്ധത്തെ ഉദ്ദേശിച്ചും യുദ്ധം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളെയും ഉദ്ദേശിച്ചും യുദ്ധേതര പരിശ്രമങ്ങളെ ഉദ്ദേശിച്ചും 'ജിഹാദ്' ഉപയോഗിച്ചിട്ടുണ്ട്. യുദ്ധം ഉദ്ദേശിച്ചുള്ളതിന് ഉദാഹരണം: ٱنفِرُوا۟ خِفَافًا وَثِقَالًا وَجَـٰهِدُوا۟ بِأَمْوَٰلِكُمْ وَأَنفُسِكُمْ فِى سَبِيلِ ٱللَّهِ (മടിച്ചു നിൽക്കാതെ വേഗമേറിയവരായും ശത്രുക്കൾക്കെതിരെ ഉറച്ചുനിൽക്കുന്നവരായും ഇറങ്ങിപ്പുറപ്പെടുവിൻ. ധനം കൊണ്ടും ദേഹം കൊണ്ടും ദൈവിക മാർഗത്തിൽ ജിഹാദ് ചെയ്യുവിൻ-9:41). യുദ്ധം ഉൾപ്പെടെയുള്ള എല്ലാ അധ്വാന പരിശ്രമങ്ങളെയും ഉദ്ദേശിച്ച് 'ജിഹാദ്' ഉപയോഗിച്ചതിന്, നാം ചർച്ച ചെയ്യുന്ന ഈ സൂക്തം തന്നെ ഉദാഹരണമാകുന്നു. സൂറഃ *അൽഫുർഖാൻ* 52-ാം സൂക്തത്തിലെ فَلَا تُطِعِ ٱلْكَـٰفِرِينَ وَجَـٰهِدْهُم بِهِۦ جِهَادًا كَبِيرًا (സത്യനിഷേധികൾക്ക് വഴങ്ങരുത്. ഈ ഖുർആൻ കൊണ്ട് അവരോട് മഹത്തായ ജിഹാദ് ചെയ്യുക) എന്ന വാക്യത്തിലെ മഹത്തായ ജിഹാദ് ഖുർആനും അതിന്റെ ആദർശങ്ങളും പ്രബോധനം ചെയ്യാനുള്ള കഠിന ശ്രമമാണ്. ഈ സൂക്തം അവതരിക്കുന്ന കാലത്ത് മുസ്‌ലിംകൾക്ക് യുദ്ധം അനുവദിച്ചിട്ടുണ്ടായിരുന്നില്ല.

ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങളിലൊന്നാണ് ജിഹാദ്. ചില പണ്ഡിതന്മാർ അതിനെ ഇസ്‌ലാമിന്റെ സ്തംഭങ്ങളിലൊന്നായി തന്നെ എണ്ണിയിരിക്കുന്നു. തന്നിൽ നിന്നും സമൂഹത്തിൽ നിന്നും ജാഹിലിയ്യത്തിനെ ഉച്ചാടനം ചെയ്യാനും ദൈവിക ധർമം നിലനിർത്താനും വ്യക്തിയും സമൂഹവും നടത്തേണ്ട അധ്വാന പരിശ്രമത്തെയാണത് പ്രതിനിധാനം ചെയ്യുന്നത്. ജിഹാദാണ് ദീനുൽ ഇസ്‌ലാം എന്നും അതിന്റെ തനിമയിലും പുതുമയിലും നിലനിൽക്കുന്നതിനും വ്യാപിക്കുന്നതിനുമുള്ള ഗ്യാരന്റി. പുറമെ നിന്നുള്ള സായുധ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ മാത്രമേ യുദ്ധം-قتال -പ്രസക്തമാകുന്നുള്ളൂ. ജിഹാദാവട്ടെ നിരന്തരം നടക്കേണ്ട പ്രക്രിയയാണ്. ഒരു മുസ്‌ലിം തന്നോട് -തന്റെ അത്യാഗ്രഹങ്ങളോടും ദുഃസ്വഭാവങ്ങളോടും- തന്നെ സമരം ചെയ്തുകൊണ്ടിരിക്കേണ്ടതുണ്ട്. ഇസ്‌ലാമിനെതിരെ ഉയർന്നു വരുന്ന ധൈഷണികവും വൈജ്ഞാനികവുമായ വെല്ലുവിളികളെ സമുചിതമായി പ്രതിരോധിക്കുന്നതും ജിഹാദ് ആകുന്നു. മുസ്‌ലിം സമൂഹത്തിലേക്ക് കടന്നുകയറുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിർമാർജനം ചെയ്യാനുള്ള പരിശ്രമവും ജിഹാദ് തന്നെ. ഈ അടിസ്ഥാനത്തിലാണ് ചില പരിഷ്കരണ സംഘങ്ങൾ മുജാഹിദ് സംഘം എന്ന് സ്വയം വിളിക്കുന്നത്.

ആധുനികയുഗത്തിൽ ഇസ്‌ലാമിന്റെ പദാവലികളിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട പദമായിരിക്കുന്നു ജിഹാദ്. അത് യുദ്ധത്തിന്റെ പര്യായമായും, ജിഹാദിനുള്ള ഖുർആന്റെ കൽപനകളെല്ലാം യുദ്ധം ചെയ്യാനുള്ള കൽപനകളായും ചിലർ ധരിച്ചുവശായിരിക്കുന്നു. മുസ്‌ലിം ഏത് സാഹചര്യത്തിലും അനിസ്‌ലാമിക ശക്തികളെ സായുധമായി നേരിട്ടുകൊണ്ടിരിക്കാൻ ബാധ്യസ്ഥരാണെന്ന് അവർ കരുതുന്നു. അത്തരക്കാർ വ്യവസ്ഥാപിത നേതൃത്വമില്ലാതെ രഹസ്യമായി സംഘടിച്ച് ഭീകര വിധ്വംസക പ്രവർത്തനങ്ങളിലേർപ്പെടുകയും അത് 'മഹത്തായ ജിഹാദ്' ആണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ജിഹാദെന്നാൽ ഭീകര പ്രവർത്തനമാണെന്നും അത് കൽപിക്കുന്ന ഇസ്‌ലാം ഭീകര മതമാണെന്നും ലോകത്തെ തെറ്റിദ്ധരിപ്പിക്കാൻ തൽപര കക്ഷികൾ ഈ അവസരം നന്നായി ഉപയോഗപ്പെടുത്തുന്നു.

فِى ٱللَّهِ എന്നതുകൊണ്ടുദ്ദേശ്യം- فِى سَبِيلِ ٱللَّهِ -അല്ലാഹുവിന്റെ മാർഗത്തിൽ- എന്നാണ്. അല്ലാഹുവിൽ സ്വയം വിശ്വസിക്കുന്നതിനും അവന്റെ വിധിവിലക്കുകൾ

അനുസരിക്കുന്നതിനും ആ വിശ്വാസവും വിധിവിലക്കുകളും സമൂഹത്തിൽ സ്ഥാപിക്കുന്നതിനുമുള്ള പരിശ്രമമാണ് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ്. ഇതൊരു ചടങ്ങായി നടത്തിയാൽ പോരാ. അർഹിക്കുന്ന ഗൗരവത്തോടെയും, ആവശ്യപ്പെടുന്ന അധ്വാനത്തോടെയും തികഞ്ഞ നിശ്ചയദാർഢ്യത്തോടെയും ആത്മാർഥതയോടെയും നടത്തണം. അതാണ് حق جهاده . സാഹചര്യം യഥാർഥത്തിൽ ആവശ്യപ്പെടുന്നതും, പ്രയാസങ്ങളും പ്രതിബന്ധങ്ങളും നേരിട്ടുകൊണ്ട് അധ്വാനിക്കേണ്ടതുമായ സംരംഭങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി, കഷ്ടനഷ്ടങ്ങളൊന്നും സഹിക്കാതെ ആനുകൂല്യങ്ങൾ നേടാവുന്ന, ലളിതവും അനായാസവുമായ സംരംഭങ്ങളിൽ മാത്രം പ്രവർത്തിക്കുന്നത് യഥാർഥ ജിഹാദ് ആകുന്നില്ല.

സത്യവിശ്വാസികളോട് ഈ ജിഹാദ് കൽപിക്കുന്ന അല്ലാഹു തന്നെ അവന്റെ സന്ദേശ വാഹകർ എന്ന മഹത്തായ അമാനത്ത് ഏൽപിക്കാൻ അവരെ തെരഞ്ഞെടുത്തിരിക്കുകയാണ്. പുരോഹിത മതങ്ങളായി മാറിയ ജൂത-ക്രൈസ്തവാദി വൈദിക മത വിഭാഗങ്ങളെയും ബഹുദൈവ വിശ്വാസികളായ ഖുറൈശികളെയും ആധ്യാത്മികവും ധാർമികവുമായ നേതൃസ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കി തൽസ്ഥാനത്ത് മുസ്‌ലിം സമുദായത്തെ നിയോഗിച്ചിരിക്കുന്നു എന്ന ആശയവും കൂടി هُوَ ٱجْتَبَىٰكُمْ എന്ന വാക്യം ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് തികഞ്ഞ നിശ്ചയദാർഢ്യത്തോടും ഉത്തരവാദിത്തബോധത്തോടും കൂടി വേണം നിങ്ങൾ ദൗത്യം ഏറ്റെടുക്കാൻ. അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് ഭാരിച്ചതും പ്രയാസകരവുമാണെങ്കിലും അവൻ നിങ്ങൾക്ക് നിശ്ചയിച്ചുതന്ന ഈ ദീൻ -ധർമക്രമം- ലളിതവും സരളവുമാണ്. وَمَا جَعَلَ عَلَيْكُمْ فِى ٱلدِّينِ مِنْ حَرَجٍ . അതിന്റെ മുന്നിൽ പൈശാചിക ശക്തികൾ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളാണ് ക്ലിഷ്ടമായ ജിഹാദ് അനിവാര്യമാക്കുന്നത്. സ്വാർഥംഭരികളും ചൂഷകരുമായ വിഗ്രഹ പൂജകരും പുരോഹിതന്മാരും ജനങ്ങളുടെ മേൽ വെച്ചുകെട്ടിയ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ദുർവഹമായ നിയമ വ്യവസ്ഥകളിൽ നിന്നും മുക്തമാണീ ദീൻ.

يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَـٰتِ وَيُحَرِّمُ
عَلَيْهِمُ ٱلْخَبَـٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَـٰلَ ٱلَّتِى كَانَتْ عَلَيْهِمْ

(ഈ പ്രവാചകൻ ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്നു. ജനത്തെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു. വരിഞ്ഞുമുറുക്കിയ ചങ്ങലകൾ അഴിച്ചുമാറ്റുന്നു- 7:157). നിങ്ങളുടെ പിതാവ് ഇബ്‌റാഹീമി(അ)ന്റെ ധർമവ്യവസ്ഥയാണിത്- مِّلَّةَ أَبِيكُمْ إِبْرَٰهِيمَ . അനുക്തമായ ഒരു ക്രിയയുടെ കർമമായിട്ടാണ് مِّلَّةَ എന്ന പദം വന്നിട്ടുള്ളത്. ക്രിയാപദം اتبعوا (പിന്തുടരുവിൻ) എന്നാണെന്ന് സന്ദർഭത്തിൽ നിന്ന് മനസ്സിലാക്കാം. 'നിങ്ങളുടെ പിതാവ്' എന്ന വാക്ക് അറബികളിലെ ഇസ്മാഈലികളുടെ കാര്യത്തിൽ അക്ഷരാർഥത്തിൽ തന്നെ ശരിയാണ്. സംബോധിതരിൽ ഖഹ്ത്താനികളായ അൻസ്വാരികളും ഉൾപ്പെട്ടിരുന്നു. അവരെയും ഇസ്മാഈലികളല്ലാത്ത ഇതര ജനതകളെയും സംബന്ധിച്ചേടത്തോളം 'നിങ്ങളുടെ പിതാവ്' എന്ന പ്രസ്താവന ആലങ്കാരികമാണ്. ഓരോ പ്രവാചകനും തന്റെ സമുദായത്തിന്റെ ആദർശ പിതാവാണ്. രാഷ്ട്രപിതാവ്, ഭാഷാ പിതാവ് എന്നൊക്കെ പറയുന്നതുപോലെയാണിത്. സമുദായത്തിലെ ഏതെങ്കിലും പ്രത്യേക പുരുഷന്റെ പിതൃത്വം മുഹമ്മദ് നബിയിൽ ആരോപിക്കുന്നത് ഖുർആൻ നിഷേധിച്ചിട്ടുണ്ട്. അദ്ദേഹം ഇസ്‌ലാമിക സമൂഹത്തിന്റെ പിതാവായിരിക്കുന്നതിന് അതെതിരാകുന്നില്ല. പ്രവാചക പത്നിമാരെ സമുദായത്തിന്റെ മാതാക്കൾ- وَأَزْوَٰجُهُۥٓ أُمَّهَـٰتُهُمْ -33:6) എന്നു വിശേഷിപ്പിക്കുന്നുണ്ടല്ലോ. പ്രവാചക പത്നിമാർ ഏതർഥത്തിലാണോ മുസ്‌ലിംകളുടെ മാതാക്കളാകുന്നത് ആ അർഥത്തിൽ പ്രവാചകൻ അവരുടെ പിതാവുമാകുന്നു. അറബികളും യഹൂദരും ക്രൈസ്തവരും ഒരുപോലെ ആദരിക്കുന്ന പ്രവാചകനാണ് ഇബ്‌റാഹീം(അ). അദ്ദേഹത്തിന്റെ പിന്മുറക്കാർ എന്ന് അവരെല്ലാം അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതോടൊപ്പം സാക്ഷാൽ ഇബ്‌റാഹീമീ പാരമ്പര്യത്തിൽ നിന്ന് അവർ ബഹുദൂരം വ്യതിചലിക്കുകയും ചെയ്തിരിക്കുന്നു. ഇബ്‌റാഹീമീ മില്ലത്തിന്റെ വിശ്വാസ തത്ത്വങ്ങൾക്കും കർമ നിയമങ്ങൾക്കും വിരുദ്ധമായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിതമായി. അപഭ്രംശങ്ങളിൽ നിന്നും അനാവശ്യ ഭാരങ്ങളിൽ നിന്നും മുക്തമായ യഥാർഥ ഇബ്‌റാഹീമി ധർമ സാരമാണ് മുഹമ്മദ് നബി ജനങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നത്. നിങ്ങൾക്ക് നേരത്തെ മുസ്‌ലിംകൾ എന്ന് നാമകരണം ചെയ്തതും ഇബ്‌റാഹീം നബിയാണ്. അദ്ദേഹത്തോട് അല്ലാഹു മുസ്‌ലിമാവുക എന്ന് കൽപിച്ചപ്പോൾ, 'സർവലോക വിധാതാവിന് ഞാൻ മുസ്‌ലിമായിരിക്കുന്നു' (إِذْ قَالَ لَهُۥ رَبُّهُۥٓ أَسْلِمْ ۖ قَالَ أَسْلَمْتُ لِرَبِّ ٱلْعَـٰلَمِينَ - 2 : 131) എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പുത്രൻ ഇസ്മാഈലുമായി ചേർന്ന് കഅ്ബ നിർമിച്ച ശേഷം ഇബ്‌റാഹീം (അ) പ്രാർഥിച്ചു: رَبَّنَا وَٱجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ (നാഥാ ഞങ്ങളിരുവരെയും നിനക്ക് മുസ്‌ലിംകളായവരാക്കേണമേ, ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് മുസ്‌ലിമായ ഒരു സമുദായത്തെ വളർത്തേണമേ-2:128). ഇബ്‌റാഹീം പ്രവാചകന്റെ ഈ പ്രാർഥനയുടെ സാക്ഷാത്കാരമാണ് മുസ്‌ലിം സമൂഹം എന്നുണർത്തുകയാണ്. ഇസ്‌ലാം എന്ന പദത്തിന്റെ അർഥവും ദൈവിക സന്മാർഗ സംഹിത ഇസ്‌ലാം എന്ന് നാമകരണം ചെയ്യപ്പെട്ടതിന്റെ താൽപര്യവും *ഖുർആൻ ബോധനം* സൂറഃ *ആലുഇംറാൻ* 83-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു.

ഇബ്‌റാഹീം നബി മുസ്‌ലിംകൾ എന്ന് നാമകരണം ചെയ്തത് മുഹമ്മദ് നബിയുടെ അനുയായികളെയല്ല. അങ്ങനെ ധരിച്ച് ചിലർ, ഇബ്‌റാഹീം നബിക്ക് ശേഷം വന്ന ഏതു വേദത്തിലാണ് മുഹമ്മദീയരെ മുസ്‌ലിംകൾ എന്നു വിശേഷിപ്പിച്ചിട്ടുള്ളതെന്ന് ചോദിക്കാറുണ്ട്. അല്ലാഹു നിയോഗിച്ച പ്രവാചകവര്യന്മാരുടെ പ്രബോധനം സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന എല്ലാ മനുഷ്യരും മുസ്‌ലിംകളാണ്. ആദം നബി മുതൽ മുഹമ്മദ് നബി വരെയുള്ള പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തത് ഇസ്‌ലാം മതമായിരുന്നു. ദൈവിക മതത്തെ അതിന്റെ യഥാർഥ നാമത്തിൽ നിന്ന് പ്രവാചകന്മാരിലേക്കും മറ്റും മാറ്റിയത് അതത് പ്രവാചകന്മാരുടെ അനുയായികളാണ്. അങ്ങനെയാണ് ജൂത

മതവും ക്രിസ്തുമതവും മറ്റും ഉണ്ടായത്. 'ഇസ്‌ലാം' ഇബ്‌റാഹീം നബിയായിട്ട് ആവിഷ്‌കരിച്ച് ഉപയോഗിച്ച പേരല്ല. പ്രകൃതി മതത്തിന്റെ മൗലിക നാമമാണത്. പ്രകൃതിയിലെ സകല വസ്തുക്കളും അല്ലാഹുവിന് സമർപ്പിതരായി അവന്റെ ആജ്ഞാനുസാരമാണ് വാഴുന്നത്. وَلَهُۥٓ أَسْلَمَ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ (ആകാശഭൂമികളിലുള്ളതൊക്കെയും അവന് മാത്രം മുസ്‌ലിമായി വാഴുന്നു-3:83). ചില പണ്ഡിതന്മാർ هُوَ سَمَّىٰكُمُ എന്നതിലെ هو (അവൻ) സൂചിപ്പിക്കുന്നത് അല്ലാഹുവിനെയാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. അതനുസരിച്ച്, അല്ലാഹു അവന്റെ ദീൻ അനുസരിച്ച് വാഴുന്ന ജനങ്ങൾക്ക് ആദി മുതലേ മുസ്‌ലിംകൾ എന്നു നാമകരണം ചെയ്തിരിക്കുന്നു എന്നാകും ആശയം. ഈ വ്യാഖ്യാനവും സാധുവാകുമെങ്കിലും സന്ദർഭത്തോട് കൂടുതൽ ഇണങ്ങുന്നത് ആദ്യം പറഞ്ഞ വ്യാഖ്യാനമാകുന്നു.

وَفِى هَٰذَا -ഇതിലും -എന്നതിന്റെ താൽപര്യം 'ഈ ഖുർആനിലും' എന്നാണ്. അതായത് 'സുഹ്ഫി ഇബ്‌റാഹീമി'ലും അനന്തര വേദങ്ങളിലും എന്ന പോലെ ഈ അന്തിമവേദത്തിലും നിങ്ങളുടെ നാമം മുസ്‌ലിംകൾ എന്നു തന്നെയാണ്. അല്ലെങ്കിൽ പൂർവകാലങ്ങളിലെന്ന പോലെ ഇക്കാലത്തും അല്ലാഹു നിങ്ങളെ വിളിക്കുന്നത് മുസ്‌ലിംകൾ എന്നാണ്.

അല്ലാഹു ഇങ്ങനെ ഒരു സമൂഹത്തെ മുസ്‌ലിംകൾ എന്ന പേരിൽ തെരഞ്ഞെടുത്ത് നിയോഗിച്ചതിന്റെ ഉദ്ദേശ്യമെന്തെന്നുണർത്തുകയാണ് لِيَكُونَ ٱلرَّسُولُ ..... عَلَى ٱلنَّاسِ എന്ന വാക്യം. ഈ ദൗത്യം വിശുദ്ധ ഖുർആൻ നേരത്തെ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്:

وَكَذَٰلِكَ جَعَلْنَٰكُمْ أُمَّةً وَسَطًا لِّتَكُونُوا۟ شُهَدَآءَ عَلَى ٱلنَّاسِ وَيَكُونَ ٱلرَّسُولُ عَلَيْكُمْ شَهِيدًا

(ഈ വിധം നാം നിങ്ങളെ ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു; നിങ്ങൾ ലോക ജനതക്ക് സത്യത്തിന്റെ സാക്ഷികളാകുന്നതിനു വേണ്ടി. ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയാകുന്നതിനു വേണ്ടിയും-2:143).

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ

(ജനത്തെ നന്മയിലേക്ക് വിളിക്കുകയും ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ നിന്നുണ്ടായിത്തീരേണ്ടതാകുന്നു- 3:104).

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ وَتَنْهَوْنَ عَنِ ٱلْمُنكَرِ

(മാനവ മാർഗദർശനാർഥം എഴുന്നേൽപിക്കപ്പെട്ട വിശിഷ്ട സമൂഹം ഇപ്പോൾ നിങ്ങൾ ആയിരിക്കുന്നു. നിങ്ങൾ ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്നു-3:110). കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

കഴിഞ്ഞ സൂക്തം നമസ്‌കാരത്തിന്റെയും സൽകർമങ്ങളുടെയും പ്രാധാന്യം അനുസ്മരിച്ചുകൊണ്ടുള്ളതാണല്ലോ. അതിനെ ദൃഢപ്പെടുത്തിക്കൊണ്ടാണ് ഈ സൂക്തത്തിൽ ജിഹാദിനെയും സത്യസാക്ഷ്യത്തെയും കുറിച്ച് പറഞ്ഞത്. فَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ എന്നവാക്യത്തിലൂടെ നമസ്‌കാരത്തിന്റെയും സകാത്തിന്റെയും പ്രാധാന്യം ഒന്നുകൂടി ഊന്നിപ്പറഞ്ഞുകൊണ്ട് സൂറഃ സമാപിക്കുകയാണ്. മനുഷ്യന് അല്ലാഹുവിനോടുള്ള ബന്ധത്തെ പ്രതിനിധീകരിക്കുന്ന സ്തംഭമാണ് നമസ്‌കാരം. സൃഷ്ടികളോടുള്ള ബന്ധത്തെയും ബാധ്യതയെയും പ്രതിനിധീകരിക്കുന്ന സ്തംഭമാണ് സകാത്ത്. ഈ രണ്ട് ബാധ്യതകളും പരസ്പര പൂരകമാണ്. അല്ലാഹുവിനെ വെടിഞ്ഞ് സൃഷ്ടികളുമായോ സൃഷ്ടികളെ വെടിഞ്ഞ് അല്ലാഹുവുമായോ ശരിയായ ബന്ധം സ്ഥാപിക്കാനാവില്ല. ഈ രണ്ട് സ്തംഭങ്ങളും ഭദ്രമായി നിലനിൽക്കുമ്പോഴാണ് സത്യസാക്ഷ്യം യാഥാർഥ്യമാവുക. ഈ സ്തംഭങ്ങൾ ദുർബലമാകുമ്പോൾ മൊത്തം ദീനീ സമൂഹം ദുർബലമാവുകയും തകരുകയും ചെയ്യുന്നു. ഇവിടെ പറഞ്ഞ സകാത്ത് ശരീഅത്ത് നിർബന്ധമായി നിശ്ചയിച്ച സകാത്തല്ല. ആ നിയമം വരുന്നതിന് മുമ്പവതരിച്ചതാണീ സൂക്തം. ഖുർആൻ സകാത്ത് ഉദ്ദേശിച്ച് صدقة (ദാനം) എന്നും ദാനം ഉദ്ദേശിച്ച് زكوٰة എന്നും പറയാറുണ്ട്. പ്രവാചകൻ(സ) തുടക്കം മുതലേ ദാനധർമങ്ങളും പാവങ്ങൾക്ക് ആഹാരമൊരുക്കലും അനാഥ സംരക്ഷണവും പ്രബോധനം ചെയ്തു പോന്നിട്ടുണ്ട്. മുസ്‌ലിംകൾ ഒരു രാഷ്ട്രമായി രൂപപ്പെട്ടപ്പോൾ ഇത്തരം ആവശ്യങ്ങൾക്കു വേണ്ടി നിയമപരമായി ഏർപ്പെടുത്തിയ സ്ഥിരം ഫണ്ടാണ് സകാത്ത്. ദാനധർമങ്ങൾക്കും അനാഥ സംരക്ഷണത്തിനും നേരത്തെ നൽകിയ ഉപദേശത്തെ സകാത്ത് ബാധ്യത ദുർബലപ്പെടുത്തുന്നില്ല. വൈയക്തികളായ ദാനധർമങ്ങളും അവശ സഹായങ്ങളും സകാത്തു ബാധ്യതയെയും ദുർബലപ്പെടുത്തുന്നില്ല.

وَٱعْتَصِمُوا۟ بِٱللَّهِ എന്ന് പറഞ്ഞത് وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ (അല്ലാഹുവിന്റെ പാശം മുറുകെപ്പിടിക്കുക) എന്ന അർഥത്തിലാണ്. وَٱعْتَصَمُوا۟ بِٱللَّهِ എന്ന് 4:146-ലും 3:101 وَمَن يَعْتَصِم بِٱللَّهِ എന്ന് 4:175-ലും وَٱعْتَصَمُوا۟ بِهِۦ -ലും وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ എന്ന് 3:103-ലും വന്നിരിക്കുന്നു. എല്ലായിടത്തും ആശയം ഒന്നു തന്നെയാണ്. ഇവിടെ താൽപര്യമിതാണ്. സത്യസാക്ഷ്യത്തിന്റെ പാതയിൽ പലതരം പ്രതിബന്ധങ്ങൾ നേരിടേണ്ടിവരും. അപ്പോഴൊക്കെ സ്വന്തം നിലപാടിൽ നിശ്ചയദാർഢ്യത്തോടെ ഉറച്ചു നിൽക്കണം. സദാ അല്ലാഹുവിനെ ഓർക്കണം. അവന്റെ വചനങ്ങൾ ആഴത്തിൽ ഉൾക്കൊള്ളുകയും അനുസരിക്കുകയും വേണം. സഹായത്തിനും വിജയത്തിനും അവനിൽ പ്രതീക്ഷയർപ്പിക്കണം. അവലംബിക്കാനും പ്രതീക്ഷയർപ്പിക്കാനും ഏറ്റം പറ്റിയ രക്ഷകനും സഹായകനും അവൻ തന്നെയാണ്.

■

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൂറ *അൽ ഹജ്ജി*ന്റെ ബോധനം സമാപിക്കുന്നു.